

# സ്കൂൾ സമഗ്രവികസന രേഖ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എസ്.കെ.വി.എച്ച്.എസ്, പത്തിയൂർ |
| പഞ്ചായത്ത് | : | പത്തിയൂർ . |
| വിദ്യാഭ്യാസ ജില്ല | : | മാവേലിക്കര |
| ബി.ആർ.സി. | : | കായംകുളം |
| സ്കൂൾ ഹെഡ്മാസ്റ്ററുടെ പേര് | : | സ്വർണ്ണലതാദേവി. S. R. |

ഈ സ്കൂളിന്റെ സമീപ പ്രദേശത്തായി ധാരാളം എൽ.പി.സ്കൂളുകളും പ്രവർത്തിക്കുന്നു. എന്നിരുന്നാലും സമീപ പ്രദേശത്തെ സ്കൂളുകളെ അപേക്ഷിച്ച് ഈ സ്കൂളിൽ 5-ാം ക്ലാസ്സിൽ ധാരാളം കുട്ടികൾ എത്തുന്നു എന്നുള്ളത് അഭിമാനകരമാണ്. അക്കാദമിക മികവിന്റേയും അച്ചടക്കത്തിന്റേയും കാര്യത്തിൽ നമ്മുടെ സ്കൂൾ മുന്നിലാണ്.

സമൂഹത്തിലെ മുഴുവൻ വിഭാഗത്തിൽ നിന്നും വരുന്ന സാധാരണക്കാരുടെ കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. യു.പി., എച്ച്.എസ് ക്ലാസ്സുകളിൽ ഒരു പ്രധാന പ്രശ്നമായി കാണുന്നത് 50% കുട്ടികൾക്കും വള്ളി, പുള്ളി, ദീർഘം, കൂട്ടക്ഷരം എന്നിവ തെറ്റുകയും ഗണിതം കൈകാര്യം ചെയ്യാനുള്ള ബുദ്ധിമുട്ട് മിനിമം ഇംഗ്ലീഷ് കൈകാര്യം ചെയ്യാനുള്ള അറിവില്ലായ്മ എച്ച്.എസ്. വിഭാഗത്തിൽപോലും കുട്ടികൾക്ക് നേടേണ്ട ശേഷി പൂർണ്ണമായും നേടിയിട്ടുണ്ട് എന്ന് പറയാൻ കഴിയില്ല, സിലബസിലെ പെട്ടെന്നുള്ള മാറ്റവും ഒരു വിഭാഗം കുട്ടികളെ കാര്യമായി ബാധിക്കുന്നു. സമയ പരിമിതിയും ഒരു പ്രധാന ഘടകമാണ്. ഒരു അദ്ധ്യാപകൻ ക്ലാസ്സിലെത്തി പഠനാന്തരീക്ഷം ഉണ്ടാക്കുമ്പോഴേക്കും ബല്ലടിക്കും സർക്കാർ സ്കൂളുകളെ അപേക്ഷിച്ച് എയ്ഡഡ് സ്കൂളുകൾക്ക് അക്കാദമികവും ഭൗതികവുംമായ വികസനത്തിന് സാമ്പത്തികം ഒരു പ്രധാന ഘടകമാണ്. സാമ്പത്തിക പിന്നോക്കാവസ്ഥ നിലനിൽകുന്നുണ്ടെങ്കിലും സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ നിലവാരം ഉയർത്താൻ രക്ഷാകർത്താക്കളും അദ്ധ്യാപകരും മാനേജ്മെന്റും സമൂഹവും ഒത്തൊരുമയോടെ പ്രവർത്തിക്കുന്നു. അദ്ധ്യാപകരും രക്ഷാകർത്താക്കളുമായുള്ള നിന്തര ആശയവിനിമയവും കുട്ടികളെ അദ്ധ്യാപകർ നിരന്തരമായി വിലയിരുത്തുന്നതും അക്കാദമിക മികവിന് ശക്തികൂട്ടുന്നു. ക്ലാസ്സ് റൂം പ്രവർത്തനങ്ങളും എസ്.എം.സി.എം.പി.റ്റി.എ എന്നിവയിലെ അംഗങ്ങളുടെ പ്രവർത്തനങ്ങളും വിദ്യാലയത്തിന്റെ വളർച്ചയെ സഹായിക്കുന്നു.

## എസ്.കെ.വി.എച്ച്.എസ്.എസ് മികവിന്റെ കേന്ദ്രം :

### കാഴ്ചപ്പാട്

വിദ്യാലയ മികവ് എന്നാൽ അക്കാദമികമായ മികവാണ്. അതുകൊണ്ടു തന്നെ നമ്മുടെ സ്ക്കൂളിനെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് വിദ്യാലയ വികസന സമിതിയുടെ കാഴ്ചപ്പാട്. അതിനായി ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തേണ്ടതുണ്ട്. പൊതു വിദ്യാലയങ്ങളിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസംഉറപ്പു വരുത്തുക എന്നതാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം. ഇത് നടപ്പാക്കണമെങ്കിൽ അക്കാദമികവും ഭൗതിക സാഹചര്യങ്ങളിലും ഒരുപാട് മാറ്റങ്ങൾ നമ്മുടെ സ്ക്കൂളിന് ഉണ്ടാകേണ്ടിയിരിക്കുന്നു. ആധുനിക സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിക്കാനുള്ള അവസരം കുട്ടികൾക്കും അദ്ധ്യാപകർക്കും ലഭിക്കണം. അതിന് സാദ്ധ്യമായ വിധത്തിൽ എസ്.എം.സി രക്ഷാകർത്താക്കൾ പൂർവ്വ വിദ്യാർത്ഥികൾ, പൊതു പ്രവർത്തകർ തുടങ്ങിയവർ നമ്മുടെ സ്ക്കൂളിന്റെ അക്കാദമികവും ഭൗതികവുമായ പോരായ്മകൾ വിലയിരുത്തണം. അതിന്റെ അടിസ്ഥാനത്തിൽ പരിഹാരങ്ങൾ കൃത്യമായി നിർവ്വഹിക്കണം. അവ യഥാർത്ഥ്യമാക്കുന്നതിന് സമയബന്ധിതമായി പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം. ഈ രീതിയിൽ വരുന്ന 5 വർഷത്തിനുള്ളിൽ പത്തിയൂർ എസ്.കെ.വി.എച്ച്.എസ്-നെ പഞ്ചായത്തിലെ മികച്ച സ്ക്കൂളായി മാറ്റി എടുക്കാൻ കഴിയണം.

### അക്കാദമികപരമായി സ്ക്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങൾ :

- √ സബ്ജക്ട് കൗൺസിൽ
- √ എസ്.ആർ.ജി
- √ ക്ലബ്ബ് പ്രവർത്തനങ്ങൾ
- √ പഠനോപകരണ നിർമ്മാണം, ശേഖരണം
- √ ലാബ് പ്രവർത്തനങ്ങൾ

- ലൈബ്രറി
- ദിനാചരണങ്ങൾ
- നിരന്തര വിലയിരുത്തൽ
- കലാകായിക പ്രവർത്തിപരിചയം
- പഠന പോഷണ പരിപാടി
- സ്ക്കോളർഷിപ്പ് പരീക്ഷകൾ
- വർത്തമാനപത്രങ്ങൾ
- ഐ.റ്റി അധിഷ്ഠിത പഠനം
- അസംബ്ലി
- സ്ക്കൗട്ട് ആന്റ് ഗൈഡ്
- പഠന യാത്ര
- സഹവാസ ക്യാമ്പ്
- വിദഗ്ദ്ധരുടെ ക്ലാസ്സുകൾ, സെമിനാർ
- അദ്ധ്യാപക ശാക്തീകരണ പരിപാടി
- മെഗാ ക്വിസ്
- സ്ക്കൂൾതല മേളകൾ
- ക്ലാസ്സ് പത്രങ്ങൾ, മാഗസിനുകൾ
- സാമൂഹിക പങ്കാളിത്തം
- എസ്.എം.സി. ശാക്തീകരണം
- എസ്.പി.റ്റി.എ
- ഗൃഹസന്ദർശനം
- പൂർവ്വ വിദ്യാർത്ഥികൾ
- എസ്.എം.സി
- ബോധവത്ക്കരണ ക്ലാസ്സുകൾ
- കൗൺസിലിംഗ്
- സ്ക്കൂൾ വാർഷികം

- √ ആഘോഷ ദിനങ്ങൾ-ജനകീയമാക്കൽ
- √ അമ്മ വായന
- √ സ്ക്കൂൾ വികസന സമിതി
- √ സ്ക്കൂൾ ജാഗ്രതാ സമിതി

## *ക്ലബ്ബ് പ്രവർത്തനങ്ങൾ :*

- √ ഗണിത ക്ലബ്ബ്
- √ സോഷ്യൽ ക്ലബ്ബ്
- √ ശുചിത്വ ക്ലബ്ബ്
- √ ആരോഗ്യ ക്ലബ്ബ്
- √ വർക്ക് എക്സ്പീരിയൻസ്
- √ വിദ്യാരംഗം കലാ സാഹിത്യവേദി
- √ ഗാന്ധിദർശൻ

## *ലാബ് പ്രവർത്തനങ്ങൾ :*

- √ കമ്പ്യൂട്ടർ ലാബ്
- √ സയൻസ് ലാബ്
- √ സാമൂഹ്യ ശാസ്ത്ര ലാബ്
- √ ഗണിത ലാബ്

## *ഉച്ച ഭക്ഷണ പരിപാടി :*

- √ ഉച്ചഭക്ഷണത്തിനർഹരായ മുഴുവൻ കുട്ടികളേയും കണ്ടെത്തുക
- √ വൃത്തിയുള്ള അന്തരീക്ഷത്തിൽ പോഷക സമൃദ്ധമായ ആഹാരം പാകം ചെയ്യൽ
- √ എം.പി.റ്റി.എ യുടെ സഹായം ഉറപ്പാക്കൽ
- √ ഉച്ച ഭക്ഷണ കമ്മിറ്റി രൂപീകരണം
- √ അടുക്കള, പാചക പാത്രങ്ങൾ, പരിസരം ഇവ വൃത്തിയാക്കൽ
- √ ഉച്ച ഭക്ഷണ വിതരണ ചുമതല അദ്ധ്യാപകർക്ക് കൊടുക്കൽ
- √ ആഴ്ചയിൽ രണ്ടു ദിവസം പാലും/മുട്ടയും വിതരണം

(6)

## ഐ.റ്റി അനുബന്ധ സാമഗ്രികളുടെ നിലവിലെ അവസ്ഥ

√ കമ്പ്യൂട്ടർ ഡസ്ക്ക് ടോപ്പ്

√ ലാപ്പ് ടോപ്പ്

√ പ്രൊജക്ടർ വിത്ത് ലാമ്പ്

√ പ്രിന്റർ

√ ഡി.വി.ഡി പ്ലയർ

√ ഇന്റർ നെറ്റ് കണക്ഷൻ

√ സ്വന്തമായി വെബ്ബ് സൈറ്റ്

√ ഈ മെയിൽ ഐഡി

√ സ്മാർട്ട് ക്ലാസ്സ് റൂം

√ ഇന്ററാക്റ്റീവ് വൈറ്റ് ബോർഡ്

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ :

**ഭൗതികം :**

√ ചുറ്റുമതിൽ, കളിസ്ഥലം വികസനം, ഹൈടെക് ക്ലാസ് മുറികൾ, സ്റ്റാഫ് റൂം, മാലിന്യ സംസ്ക്കരണം, ലാബ്, ലൈബ്രറി

**അക്കാദമികം :**

**ഭാഷാ ശേഷി വികസനം :**

√ മലയാളം, ഇംഗ്ലീഷ്. ഹിന്ദി, സംസ്കൃതം

√ ഹരിതോത്സവ ദിനാചരണം

√ ശാസ്ത്ര പോഷണ പരിപാടി, ഗണിതശേഷി വികസനം, ഇംഗ്ലീഷ് പരിപോഷണം, വായന മികവ് വർദ്ധിപ്പിക്കൽ

**പാഠ്യാനുബന്ധം :**

√ കൗൺസിലിംഗ് ക്ലാസ്സുകൾ, പോഷകാഹാര പരിപാടി, ദിനാചരണങ്ങൾ, കായികം, പ്രവൃത്തി പരിചയ പഠനം, ക്ലാസ്സ് പി.റ്റി.എ സജീവമാക്കൽ, പച്ചക്കറി തോട്ടംജൈവ വൈവിധ്യപാർക്ക്, പൂർവ്വ വിദ്യാർഥി സംഘടന ശക്തിപ്പെടുത്തൽ, വിദ്യാലയ വികസന സമിതി, എസ്.എം.സി ഇവ ശക്തിപ്പെടുത്തൽ.

മേഖല യു.പി. മലയാളം.



| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഭാഷയുടെ അടിസ്ഥാനശേഷി വികാസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺമാസം | മലയാളം അദ്ധ്യാപകർ | |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺമാസം | മലയാളം അദ്ധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ടകാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺമാസം | മലയാളം അദ്ധ്യാപകർ | മലയാളം ക്ലബ്ബ്. |
| * പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ശീലം വളർത്തുക. | **വാർത്താലോകത്തേക്ക്**<br>പത്രം, ബാലമാസികകൾ, ആഴ്ചപ്പതിപ്പ്, പുസ്തകങ്ങൾ എന്നിവ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | അദ്ധ്യാപകർ | പി.ടി.എ മലയാളം ക്ലബ്ബ്. |
| | **വാർത്താവായന**<br>പത്രം, നവമാധ്യമം എന്നിവയുടെ സഹായത്താൽ കുട്ടികളെക്കൊണ്ട് വാർത്തകൾ വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് | പ്രതിമാസം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ്. |

| | | | | |
|---|---|---|---|---|
| | അവസരം നൽകുന്നു. | | | |
| | അതാതുമാസത്തെ പ്രധാന ദിനങ്ങൾ ക്ലാസ്-സ്കൂൾ തലത്തിൽ ലൈബ്രറി പുസ്തകങ്ങൾ, വിജ്ഞാനമാസികകൾ പത്രങ്ങൾ, ഐ.സി.ടി എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം, വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പോസ്റ്റർ രചന, ചിത്രരചന, ഉപന്യാസം, പ്രസംഗം അനുസ്മരണപ്രസംഗം തുടങ്ങിയവ നടത്തുന്നു. | ജൂൺ ജൂലൈ വായനമാസാചരണം. ബഷീർ അനുസ്മരണം. | മലയാളം ക്ലബ്ബ്. | പി.ടി.എ മലയാളം ക്ലബ്ബ്.. |
| * പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | <u>രംഗാവിഷ്കാരം</u><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കവിതകൾ, പ്രസംഗം ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലി, കലോത്സവം, പഠനോത്സവം എന്നിവയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം. | അധ്യാപകർ | പി.ടി.എ |
| * സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | <u>അഭിമുഖം</u><br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരെ പരിചയപ്പെടാനും അഭിമുഖ സംഭാഷണം നടത്താനും അവസരം നൽകുന്നു. | വർഷത്തിൽ രണ്ടുപ്രാവശ്യം. | പി.ടി.എ ഹെഡ്മിസ്ട്രസ് മലയാളം ക്ലബ്ബ്. | പി.ടി.എ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം.

അക്കാദമികമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

- ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ
- വായനാ പ്രോത്സാഹനം - എല്ലാ സ്റ്റാഫുകളുടെയും സഹായത്തോടെ മാസികകൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തും.
- വായനാകുറിപ്പുകൾ, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പ്രദർശിപ്പിക്കൽ.
- സർഗവേളകൾ സംഘടിപ്പിക്കൽ, "പഠന പാഠ്യേതര പ്രവർത്തനങ്ങൾ - മികവുകൾ സമൂഹത്തിൽ എത്തിക്കൽ (ദിനാചരണങ്ങൾ, സെമിനാർ, കവിയരങ്ങ്, ...)
- സ്കൂൾ റേഡിയോ ക്ലബ് കൃത്യനിഷ്ഠയോടെ പ്രവർത്തിക്കും.
- ഫെയ്സ് ബുക്ക്, സ്കൂൾ വിക്കി എന്നിവയുടെ ഉപയോഗം സമൂഹത്തെ അറിയിക്കൽ,
- വിവിധ ക്ലബ്ബുകൾ വർഷാദ്യം തന്നെ രൂപീകരിക്കുന്നു.

- വായനാ കുറിപ്പുകൾ, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പ്രദർശിപ്പിക്കൽ.
- സ്കൂൾ മാഗസിൻ തയ്യാറാക്കൽ (it)
- അവധിക്കാല വ്യക്തിത്വ വികസന ക്യാമ്പ്.
- കരിയർ ഗൈഡൻസ് ക്ലാസുകൾ, പ്രദർശനങ്ങൾ.
- അഭിമുഖം, സംവാദങ്ങൾ
- അസംബ്ലികൾ (വിവിധ വിഷയങ്ങൾ)
- മികച്ച അവതരണങ്ങൾക്ക് സമ്മാന വിതരണം.
- പൊതു-വിജ്ഞാനം വർദ്ധിപ്പിക്കാൻ വ്യക്തികളുടെയും, സാമൂഹിക സന്നദ്ധ സംഘടനകളുടെ സഹായം.

## വിഷയാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ.

### സംസ്കൃതം.

പ്രതീക്ഷിത നേട്ടങ്ങൾ.

- സംസ്കൃത പഠനത്തിന് താൽപര്യം ജനിപ്പിക്കുക.
- സംസ്കൃത അക്ഷര പഠനം.
- അക്ഷരസ്ഫുടതയോടെ സംസ്കൃത പദങ്ങൾ വായിക്കുവാനുള്ള കഴിവ് നേടും.
- സുഭാഷിതങ്ങൾ ആലപിക്കാനുള്ള കഴിവ് നേടും.

- വാക്യങ്ങൾ എഴുതാനുള്ള ശേഷി നേടും.
- സംസ്കൃതത്തിൽ സംസാരിക്കാൻ ഉള്ള ശേഷി നേടും.
- കഥ, കവിത, എന്നിവ എഴുതുവാനും പാടുവാനും ഉള്ള കഴിവ് നേടും.
- ഭാഷാ ലാബ് നിർമ്മാണം.
- ഹാസ്യ ചിത്രങ്ങൾ നിർമ്മിക്കാൻ ശേഷി കിട്ടുന്നു.

| ക്രമ സംഖ്യ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | വിമർശ… |
|---|---|---|---|---|---|---|
| 1 | കേൾവി | സംസ്കൃത കളരി സംസ്കൃത ഗാനങ്ങൾ കേൾപ്പിക്കുന്നു. അക്ഷര ഗാനം, സംഖ്യാ ഗാനം, സുഭാഷിതങ്ങൾ, | 1 month | Skt trs | | |
| | | കൂടെ പാടിക്കുന്നു. അക്ഷരശ്ലോക സദസ് ict സാധ്യത പരമാവധി പ്രയോഗിച്ച് കേൾപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | one year | Skt trs, Students | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | എഴുത്ത് | എഴുത്ത് രീതി പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങളുടെ പുറത്ത്കൂടി വീണ്ടും വീണ്ടും എഴുതി പഠിപ്പിക്കുന്നു. കുട്ടികൾ ഉച്ചരിപ്പിച്ച് അക്ഷരങ്ങളുടെ എഴുത്തും വായനയും നടത്തുന്നു.<br>ഗ്രൂപ്പ്കളിൽ വർണമാലാ ചാർട്ട് നിർമ്മാണം നടത്തുന്നു.<br>ശബ്ദകോശം<br>ചിത്രപദകോശം<br>സംഖ്യാകോശം<br>വാക്യരചന<br>സംഭാഷണരചന<br>പ്രശ്നാത്മക പദങ്ങൾ എഴുതുന്നു. | 1 month<br>one year | Skt trs | | |
| 3 | വായന | ഭാഷാലാബ് നിർമ്മാണം<br>പുസ്തക പരിവായനം<br>[illegible]. | One year | teacher-students | | |
| 4 | അവതരണം | സംഭാഷണം<br>നാടകാഭിനയം | one year | | | |
| 5 | ചിത്രീകരണം. | വിവിധ ഡോക്യുമെന്ററികൾ നിർമിക്കൽ | one year | trs-students | | |

# മേഖല - ഹൈസ്കൂൾ - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാം[illegible] |
|---|---|---|---|---|
| 1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | English Library ഉപയോഗം<br>English Corner<br>Story time<br>English Assembly. | അക്കാദമിക വർഷം | ഇംഗ്ലീഷ് club | ഇംഗ്ലീഷ് ക്ലബ് |
| 2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | Cinema & documentary - Profiles script തയ്യാറാക്കുന്നതിന് വേണ്ടി English Cinemaകളുടെ ഭാഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേഴ്സ് | ഇംഗ്ലീഷ് ക്ലബ് |
| | Role Play, Skit, പ്രശസ്തരായ English കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കൊറിയോഗ്രാഫി തയ്യാറാക്കി ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | English Trs. | English club |

| | | | | |
|---|---|---|---|---|
| 3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാകുക, സ്വതന്ത്രമായ ആശയത്തിന് സജ്ജരാക്കുക | അക്ഷരകാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ്സ്റൂം പ്രവർത്തനം [illegible] | ടീച്ചേഴ്സ് | ഇംഗ്ലീഷ് ക്ലബ്. |
| | ചിത്രവായന, പട്ടികകൾ നിർമ്മാണം, Public Speaking, Simple Games, English ചിത്രവായന, ഇംഗ്ലീഷ് ഡയറി, English Assembly news reading, News Reading Competition. | Class room activities, English Assembly. | ടീച്ചേഴ്സ്. | ,, |
| 4. നാടകീകരണം | English Assembly, Skit, Puppet Show. പാഠഭാഗത്തിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet show, Skit എന്നിവയിലൂടെ അവതരിപ്പിക്കുന്നു. | Class room activities | ടീച്ചേഴ്സ് | ,, |
| 5. കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് കവിതകൾ കേൾക്കാനുള്ള അവസരം | ക്ലാസ്സ് പ്രവർത്തനങ്ങൾ | ടീച്ചേഴ്സ് | ,, |

| | | | | |
|---|---|---|---|---|
| | കവിതാരചന, ആലാപന മത്സരങ്ങൾ, ആസ്വാദനക്കുറിപ്പ് എന്നിവ തയ്യാറാക്കൽ | ക്ലാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേഴ്സ് | English club. |
| 6. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | English Film കാണാനുള്ള അവസരം | Class room activities | English club | English club. |

## യു.പി. അടിസ്ഥാനശാസ്ത്രം.

### ആമുഖം.

പരിഷ്കരിച്ച പാഠ്യപദ്ധതി അനുസരിച്ച് ശാസ്ത്ര ക്ലാസുകൾ പ്രക്രിയാധിഷ്ഠിതമാക്കുന്നതിനും ശാസ്ത്രാഭിരുചി വളർത്തുന്നതിനും, ക്ലാസ് പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങൾ എന്നിവ വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനും ICT സാധ്യതകൾ ഉപയോഗപ്പെടുത്തി നൂതനാശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ എന്നിവ സ്വായത്തമാക്കുന്നതിനും, കലാകായിക പ്രവൃത്തി പരിചയ പഠനവുമായി ബന്ധപ്പെടുത്തി സ്വതന്ത്രമായ കഴിവുകൾ വികസിപ്പിക്കുന്നതിനും, പഠന പ്രവർത്തനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി പ്രയോഗിക്കുന്നതിനും, മേൽ പ്രവർത്തനങ്ങളുടെ പാഠാസൂത്രണം നടത്തി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ ലക്ഷ്യത്തിലേക്ക് ഓരോ കുട്ടിയെയും എത്തിക്കുന്നതിന് ഈ U.P ബേസിക് സയൻസ് അക്കാദമിക് മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നു.

### കാഴ്ചപ്പാട് / ലക്ഷ്യം

* ശാസ്ത്രാഭിരുചിയുള്ള തലമുറയെ സൃഷ്ടിക്കുക.
* പഠന പിന്നാക്കാവസ്ഥ പരിഹരിക്കുക.
* ശാസ്ത്രപഠനത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി വികസിപ്പിക്കുക.
* നൂതനാശയങ്ങൾ / ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ ഉപയോഗപ്പെടുത്തൽ.
* കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങളുമായി സമന്വയിപ്പിക്കുക.
* പ്രകൃതി / പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക
* ഗവേഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.
* ശാസ്ത്ര ഉപകരണ നിർമ്മാണം, പരീക്ഷണങ്ങൾ എന്നിവയിൽ പങ്കാളികളാക്കുക

## പ്രവർത്തന പദ്ധതി - U.P. Basic Science.

| ലക്ഷ്യം | പ്രവർത്തനം | കാലാവധി. | ചുമതല | ചെലവ്. | സ്രോതസ്സ് |
|---|---|---|---|---|---|
| * ശാസ്ത്ര പഠനത്തെ പരിസരവുമായി ബന്ധപ്പെടുത്താനും നിത്യജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെടുത്താനും ചെയ്യുന്നു. | ജൈവവൈവിധ്യ പാർക്ക് വിപുലീകരിക്കുന്നു. ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ സ്കൂൾ പച്ചക്കറിത്തോട്ടം, ഔഷധസസ്യ ഉദ്യാനം എന്നിവ വിപുലപ്പെടുത്തുകയും സംരക്ഷിക്കുകയും. ഈ വിദ്യാലയം തന്നെ പാഠപുസ്തകം എന്ന തരത്തിൽ പഠന പ്രവർത്തനത്തിൽ ഉൾപ്പെടുത്തുന്നു. ക്ലബ്ബുകൾ — പരിസ്ഥിതി ക്ലബ്ബ്, ശാസ്ത്രക്ലബ്ബ് എന്നിവ രൂപീകരിക്കുന്നു. പഠനപിന്നാക്കക്കാർക്ക് പ്രത്യേക പരിശീലനം. | വർഷം മുഴുവൻ | ക്ലബ്ബ് അംഗങ്ങൾ, അധ്യാപകർ. | 1000/- | PTA പൂർവ്വ വിദ്യാർ… |
| ശാസ്ത്രാഭിരുചി വളർത്തുന്നതും ശാസ്ത്രത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി വിശദീകരിക്കുക. | ശാസ്ത്ര മാസികകൾ, ലാബ് എന്നിവ പ്രയോജനപ്പെടുത്തുന്നു. ശാസ്ത്രകിറ്റ് തയ്യാറാക്കൽ, ഹോം ലാബ്. ശാസ്ത്ര പതിപ്പ്, ശാസ്ത്രവിസ്മയ ചുവർ, ക്ലബ്ബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, ശാസ്ത്രമേളകൾ, ശില്പശാലകൾ, പ്രോജക്ട്. പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. ഉപകരണങ്ങൾ നിർമ്മിക്കുന്നു. മാലിന്യ നിർമാർജനം, പ്ലാസ്റ്റിക് നിർമാർജനം തുടങ്ങിയ ബോധവത്കരണ പ്രവർത്തന [illegible] | വർഷം മുഴുവൻ. | ശാസ്ത്ര അധ്യാപകർ | 2000 | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | ചെലവ് | സ്രോതസ്സ് |
|---|---|---|---|---|---|

[illegible]
നിർദ്ദേശങ്ങളും ഇടക്കിടെ ബോധവത്കരണ പ്രവർത്തനങ്ങൾ [illegible]



| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | [illegible] | [illegible] |
|---|---|---|---|---|---|
| കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങളുമായി ശാസ്ത്ര പഠനത്തെ ബന്ധപ്പെടുത്തി കുട്ടികളുടെ സർഗശേഷികൾ പരിപോഷിപ്പിക്കുക. | ശാസ്ത്ര പാട്ട്, ശാസ്ത്ര നാടകം. ഉപകരണങ്ങൾ നിർമ്മിക്കൽ. ചിത്രം വരക്കൽ. ശാസ്ത്ര മാസികകൾ, ശാസ്ത്ര പതിപ്പുകൾ, പോസ്റ്ററുകൾ. | | | | |
| * ഗവേഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക. | ശാസ്ത്രതത്വങ്ങൾ വിശദീകരിക്കുന്ന തെളിവുകൾ ലഘു പരീക്ഷണങ്ങൾ ചെയ്യാറുണ്ട്. ശാസ്ത്ര ഉപകരണങ്ങൾ നിർമ്മിക്കുന്നു. ശാസ്ത്ര മേളകൾ ശില്പശാലകൾ നടത്തുന്നു. | | | | |

| ലക്ഷ്യം | പ്രവർത്തനം | കാലാവധി/ ചുമതല | ചെലവ് | സ്രോതസ്സ് |
|---|---|---|---|---|
| പ്രകൃതി, / പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക. | പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ<br>സെമിനാറുകൾ<br>ബോധവത്കരണ ക്ലാസുകൾ<br>സർവ്വേകൾ<br>നിരീക്ഷണങ്ങൾ.<br>പ്രാദേശികമായ സേവന പ്രവർത്തനങ്ങൾ.<br>ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ. | വർഷം മുഴുവൻ, ശാസ്ത്രാധ്യാപകർ. | 1000 | PTA |
| ...ഠന പിന്നാക്കാവസ്ഥ പരിഹരിക്കുക. | -പിന്നാക്കക്കാർക്ക് പ്രത്യേക പരിശീലനം.<br>-രക്ഷിതാക്കൾക്ക് ബോധവൽക്കരണം.<br>-കുട്ടികൾ റിസോഴ്സുകൾ തയ്യാറാക്കുന്നു. | | | |
| ...ത്തൊശയങ്ങൾ / ആധുനിക ...ന്റെ സാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തൽ. | ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന പ്രവർത്തനം.<br>വീഡിയോ, ലഘുചിത്രങ്ങൾ,<br>ശാസ്ത്ര നാടകങ്ങൾ,<br>ശാസ്ത്ര ഗാലറി തയ്യാറാക്കൽ.<br>ചോദ്യാവലി തയ്യാറാക്കൽ. | ശാസ്ത്രാധ്യാപകർ. | | SSG<br>PTA. |

ദ്യാവലി തയ്യാറാക്കൽ.
ചോദ്യാവലി തയ്യാറാക്കൽ.

P.T.A.

| ലക്ഷ്യം | പ്രവർത്തനം | [illegible] | | | |
|---|---|---|---|---|---|
| • ഭിന്നശേഷി സൗഹൃദ പ്രവർത്തനങ്ങൾക്ക്, സ്ത്രീ സമത്വത്തിനായുള്ള പ്രവർത്തനങ്ങൾ എന്നിവയിൽ പങ്കാളികളാവുക. കുട്ടികളിൽ മാനവികമായ മൂല്യങ്ങളും, മനോഭാവങ്ങളും വളർത്തി സമൂഹത്തിന് നന്മക്കായി സജ്ജരാക്കുക. | കരുണ, ദയ, സഹാനുഭൂതി, തുടങ്ങിയ മൂല്യങ്ങൾ വളർത്തുന്നതിനായുള്ള സേവന പ്രവർത്തനങ്ങൾ<br>- ദ്രവ്യങ്ങൾ സംഭരിക്കൽ<br>- ചാരിറ്റി പ്രവർത്തനങ്ങൾ.<br>- ശുചിത്വ പ്രവർത്തനങ്ങൾ.<br>- അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ നിലപാടുകൾ വ്യക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകൾ പൊതു സമൂഹവുമായി പങ്കുവെക്കുക | ശാസ്ത്രമേളകൾ<br>ശില്പശാലകൾ<br>പഠനോത്സവം<br>ശാസ്ത്രോത്സവം etc. | | | | |

# Academic Master Plan - Mathematics [ Classes 5 to 7 ]

## Academic Year : 2025 - 2026

| Month | Activity | Objective of the Activity | Responsible Person | Income Source |
|---|---|---|---|---|
| June | Number Day | To enhance interest in numbers through fun activities | Math club | Volunteer Contribution |
| July | Multiplication Games | To reinforce multiplication facts using interactive methods | Math Teacher | No Cost |
| August | Measurement walk | To estimate and measure distances in the school compound. | Math Teacher | PTA / Reused Tools. |
| September | Math Quiz Competition | To assess and motivate learners in a competitive format | Math Teacher | No cost |
| October | Budget a Meal Activity | To apply basic arithmetic and budgeting in a real - world scenario | Math Teacher & Parents | Parent Contribution |
| November | Math Exhibition | To showcase student - made models and charts | Maths club | PTA |

| | | | | |
|---|---|---|---|---|
| December | Puzzle Day | To improve problem solving through team puzzles | Math Teacher | No cost |
| January | Math Relay Race | To combine physical activity with mental math | PE & Math Teachers | No cost |
| February | Field Math [ Market Visit / Budgeting ] | To collect, organize and interpret data from real life. | Math Teacher | PTA |
| March | Annual Math Reflection Session | To summarize learning, share experiences and set goals | Math Teacher | No cost |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| സാമൂഹ്യ ജീവിതത്തിന് പ്രാപ്തരാക്കും വിധം പഠിതാക്കളിൽ സഹവർത്തിത്വം എന്ന ആശയം നേടിയെടുക്കൽ | ഫുഡ് ഫെസ്റ്റ്<br>കുട്ടികൾ ആരോഗ്യകരമായ ഭക്ഷണക്രമം പിന്തുടരുന്നതോടൊപ്പം പരസ്പരം പങ്കുവെക്കലിലൂടെ സാമൂഹിക സഹവർത്തിത്വം നേടിയെടുക്കുന്നതോടൊപ്പം കുട്ടികൾ തന്നെ വിവിധതരം ഭക്ഷ്യ ഉൽപന്നങ്ങൾ പ്രദർശിപ്പിച്ച് വിപണനം നടത്തുന്നു. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | വ്യക്തിഗതം |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുന്നതിന് | ഫീൽഡ് ട്രിപ്പ്<br>പ്രാദേശിക ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ച് കുട്ടിയിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുന്നു. | സഭയിലേക്ക്<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മുതിർന്നവർക്കൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | ഓഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പുകയില, മയക്കുമരുന്ന് പോലെയുള്ള സാമൂഹ്യ വിപത്തിനെതിരെയുള്ള ബോധവത്കരണം | ഫ്ലാഷ് മോബ്<br>ലഹരിയ്ക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനമായി സമൂഹത്തിലേക്ക് ഫ്ലാഷ് മോബ് എന്ന പാഠ്യേതര പ്രവർത്തനത്തിലൂടെ ലഹരി വിരുദ്ധ അവബോധം സൃഷ്ടിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ സജ്ജരാക്കുന്നു | നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ തീവ്രതയെ കുറിച്ച് മനസിലാക്കാൻ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിച്ച് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള മാനസിക തലം വളർത്തിയെടുക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| റോഡ് സുരക്ഷ, സൈബർ സുരക്ഷ എന്നിവയെ കുറിച്ച് അവബോധം വളർത്തുന്നു. | ചിലന്തി വലയിൽ നിന്ന് രക്ഷപ്പെടാം<br>സൈബർ സുരക്ഷ, റോഡ് സുരക്ഷ എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്. |

## ഉപമേഖല - സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര - നൂതന അറിവുകൾ - കണ്ടെത്തലുകൾ, പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ SS കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക. വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് കൊടുക്കുക. | എല്ലാ ദിവസവും ഒരു വർഷം | SS ക്ലബ് | |

## ഉപമേഖല - പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/സാമ്പത്തികം |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്രസ്മാരകങ്ങൾ, ശില്പങ്ങൾ, ചുവർചിത്രങ്ങൾ, ക്ഷേത്രകലകൾ, കോട്ടകൾ തുടങ്ങിയവയെ അറിഞ്ഞ് കൂടുതൽ മനസ്സിലാക്കൽ. | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ. | വർഷത്തിൽ ഒരു തവണ. | SS ടീച്ചേഴ്സ് | PTA |

| ഉപമേഖല - സംവാദം, സെമിനാർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി / സ്പോൺസർ |
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം. പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കുട്ടികൾ നടത്തൽ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ. | മാസത്തിൽ 1 വീതം | SRG, SS club | ജനപ്രതിനിധികൾ, PTA |

| ഉപമേഖല: ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. <u>ശാസ്ത്രലാബ് നവീകരണം</u> ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | | | | |
| 4.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 5. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 6.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | PTA |
| 7.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | PTA |

| ഉപമേഖല: പരിസ്ഥിതി സംരക്ഷണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.ജൈവ വൈവിധ്യപാർക്ക് വിപുലപ്പെടുത്തൽ, ജൈവ പന്തലൊരുക്കൽ. | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തിക മാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, വള്ളിപ്പടർപ്പുകൽ കൊ ് ജൈവ പന്തലൊരുക്കൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |
| 2.സ്കൂൾ മുറ്റത്തെ ഔഷധ ത്തോട്ടം വിപുലപ്പെടുത്തൽ. | ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധ ത്തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമകരണം. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |
| 3.ജൈവവൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൈവ വൈവിധ്യ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പുവരുത്തൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | - |
| | | | | - |